ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് നം. 37941/ബി1/2020/സി.ഇ തീയതി. 23/07/2020**

വിഷയം : ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ഈ കാര്യാലയത്തിലെ37940/ബി1/2020/സി.ഇ നമ്പരായുള്ള 23/07/2020 ലെ ഉത്തരവ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.റ്റി.ജി.ഗോപകുമാറിനെ സീനിയർ സൂപ്രണ്ടായി ബൈട്രാൻസ്ഫർ നിയമനം നൽകി ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിയമിച്ചതിനാൽ ഈ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഹെഡ് ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്കുമായ ശ്രീ.വി.അനീഷിനാണ് ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.വി.അനീഷിനെ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി 30700- 65400/- രൂപ ശമ്പള സ്കെയിലിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.വി.അനീഷ്, ഹെഡ് ക്ലാർക്ക്, ചീഫ് എഞ്ചിനീയറുടെ കാര്യാലയം

പകർപ്പ് : 1. സ്റ്റോക്ക് ഫയൽ
2. വെബ് സൈറ്റ്.

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Sh/wfh